മുജീബ്

# പിണറായിയുടെ വിലയിരുത്തൽ വെറും പതിര്

■ *“കഴിഞ്ഞ തെരഞ്ഞെടുപ്പിൽ സി.പി.എമ്മിനെ സഹായിച്ചതിനു പിന്നിൽ ജമാഅത്തെ ഇസ്‌ലാമിക്ക് വ്യക്തമായ അജണ്ട ഉണ്ടായിരുന്നു.......... അത് കേരളത്തിലെ മുസ്‌ലിം ജനസമൂഹത്തിൽ ഇന്ത്യൻ യൂനിയൻ മുസ്‌ലിം ലീഗിന് ഉണ്ടായിരുന്ന സ്വാധീനം കുറഞ്ഞതും മുസ്‌ലിം സമൂഹത്തിൽ സ്വാധീനം ഉണ്ടാക്കാനായി അവർ ഞങ്ങളുടെ കൂടെ ചേർന്ന് ലീഗിനെ എതിർത്തു......... പക്ഷേ, തെരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ മുസ്‌ലിം ബഹുജനം സി.പി.എമ്മിനു പിന്നിൽ അണിനിരക്കുന്ന കാഴ്ചയാണ് നാം കണ്ടത്. അവരുടെ തന്ത്രം നിഷ്ഫലമായി. ആ അമർഷം അവർ മാധ്യമം ദിനപത്രത്തിലൂടെ സി.പി.എമ്മിനെയും സർക്കാറിനെയും നിരന്തരം സ്വഭാവഹത്യ നടത്തിക്കൊണ്ടിരിക്കുന്നു.’*

*പിണറായി വിജയനുമായി മാധ്യമ പ്രവർത്തകൻ എൻ. മാധവൻകുട്ടി 08.05.2007-ൽ കൈരളി ചാനലിൽ നടത്തിയ ‘മാധ്യമ സിന്റിക്കേറ്റ് ഉള്ളറകൾ’ എന്ന അഭിമുഖത്തിൽനിന്ന്. മുജീബിന്റെ പ്രതികരണം?*

***റഫീഖ് ഖാസിം, വെളിയങ്കോട്***

**സി.**പി.എം കേരള ഘടകത്തിലെ വിഭാഗീയത പരിധിക്കപ്പുറം മൂർഛിക്കുകയും വി.എസ്-പിണറായി പോര് പാർട്ടി പോളിറ്റ് ബ്യൂറോയെ പോലും നാണം കെടുത്തുകയും ചെയ്യുന്നതാണ് സാഹചര്യം. തുടക്കത്തിൽ ഇങ്ങനെയൊരു വിഭാഗീയത ഉണ്ടെന്ന വസ്തുത തന്നെ കണ്ണടച്ച് നിഷേധിച്ചുകൊണ്ടിരുന്ന പാർട്ടി സെക്രട്ടറി പിന്നീട് ഉൾപ്പോര് മറനീക്കി പുറത്തുവന്നപ്പോൾ ഉത്തരവാദിത്വം മുഴുവൻ തന്റെ സങ്കൽപത്തിലുള്ള മാധ്യമ സിന്റിക്കേറ്റിനുമേൽ കെട്ടിയേൽപിച്ചു. പക്ഷേ, മുഖ്യമന്ത്രിയും പാർട്ടി സെക്രട്ടറിയും പരസ്യമായി കൊമ്പ് കോർക്കാൻ തുടങ്ങിയതോടെ മാധ്യമങ്ങൾ പുറത്തുകൊണ്ടുവന്നത് സത്യമാണെന്ന് ജനങ്ങൾ വിശ്വസിക്കേണ്ടിവന്നു. പാർട്ടിയും മുന്നണിയും പക്ഷവും നോക്കാതെ നേര് പറയേണ്ടത് ധാർമിക ബാധ്യതയായി കരുതുന്ന *മാധ്യമം* പത്രവും സ്വാഭാവികമായും സി.പി.എമ്മിലെ ആഭ്യന്തര വൈരുധ്യങ്ങൾ അനാവരണം ചെയ്തു. അതിലുള്ള അസഹിഷ്ണുതയും അസഹ്യതയുമാണ് കൈരളി ചാനലിലെ അഭിമുഖത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ ചെലവിൽ പിണറായി വിജയൻ പ്രകടിപ്പിച്ചിരിക്കുന്നത്.

ഒരു സ്വതന്ത്ര പത്രമെന്ന് പൊതുസമൂഹം ഇതിനകം അംഗീകരിച്ചുകഴിഞ്ഞ *മാധ്യമം* പത്രത്തിൽ പ്രസിദ്ധീകരിച്ചുവരുന്ന വാർത്തകളുടെയും ലേഖനങ്ങളുടെയും ഉത്തരവാദിത്വം ജമാഅത്തിന്റെ പേരിൽ കെട്ടിയേൽപിക്കേണ്ട ഒരു കാര്യവുമില്ല, ജനങ്ങൾ അത് മുഖവിലക്കെടുക്കാനും പോകുന്നില്ല. ജമാഅത്തിനെതിരായ വാർത്തകളും പ്രസംഗങ്ങളും കുറിപ്പുകളുമടക്കം *മാധ്യമ*ത്തിൽ വരാറുണ്ട്. മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദനടക്കം വലിയൊരു വിഭാഗം സി.പി.എമ്മുകാർ തന്നെയും പാർട്ടിയിലെ വിഭാഗീയതയിൽ ജമാഅത്തെ ഇസ്‌ലാമിക്ക് എന്തെങ്കിലും പങ്കോ താൽപര്യമോ ഉള്ളതായി കരുതുന്നില്ല. മിക്കവാറും പിണറായിയും *ദേശാഭിമാനി*യിലെ ചില ലേഖകരുമാണ് അനാവശ്യമായും അപ്രസക്തമായും ജമാഅത്തിനെ വിഷയത്തിലേക്ക് വലിച്ചിഴക്കുന്നത്.

ലോകതലത്തിലും ദേശീയ തലത്തിലും കേരളത്തിലും സാമ്രാജ്യത്വ അധിനിവേശം ഭീകര ഇടപെടലുകൾ നടത്തുകയും ഫാഷിസം ആക്രമണോത്സുകമാവുകയും ചെയ്ത ചരിത്രസന്ധിയിൽ, രണ്ടിനെയും എതിർക്കുന്നതായി അവകാശപ്പെടുന്ന ഇടതുപക്ഷത്തിന് അക്കാര്യത്തിൽ പിന്തുണ നൽകുകയായിരുന്നു ജമാഅത്തെ ഇസ്‌ലാമിയുടെ കഴിഞ്ഞ തെരഞ്ഞെടുപ്പു നയമെന്ന് ആവർത്തിച്ചു വ്യക്തമാക്കിയിട്ടുള്ളതാണ്. തെരഞ്ഞെടുപ്പു വേളയിലും തുടർന്നും, ഇടതുപക്ഷത്തിന് ജമാഅത്തിന്റെ പിന്തുണയെക്കുറിച്ച് ഉയർന്ന ചോദ്യങ്ങൾക്ക് പിണറായി തന്നെയും നൽകിയ മറുപടികളും അത് സ്ഥിരീകരിക്കുന്നതായിരുന്നു. അല്ലാതെ മുസ്‌ലിം ലീഗിന്റെ നേരെയുള്ള ജമാഅത്തിന്റെ നിലപാടുകളുമായി തെരഞ്ഞെടുപ്പു നയത്തിന് ബന്ധമുണ്ടായിരുന്നില്ല. ലീഗ് യു.ഡി.എഫിന്റെ ഭാഗമായതിനാലും യു.ഡി.എഫ് സർക്കാർ ആഗോളീകരണ അജണ്ട നടപ്പാക്കിയതിനാലും അതിനെതിരെ ഇടതുമുന്നണിയെ പിന്തുണക്കേണ്ടിവന്നു. അതേസമയം സമുദായ സംഘടനകളെത്തന്നെ ഉപയോഗിച്ച് മുസ്‌ലിം ലീഗിനെ തകർക്കുക എന്ന ഗൂഢലക്ഷ്യം സി.പി.എമ്മിനുണ്ടായിരുന്നതായി ന്യായമായും സംശയിക്കാൻ കാരണങ്ങളുണ്ട്. എ.പി വിഭാഗം സുന്നികളുടെ പിന്തുണ തേടിയതും ആ പിന്തുണക്ക് അവരാവശ്യപ്പെടുന്ന വിലനൽകുന്നതും ഈ തന്ത്രത്തിന്റെ ഭാഗമാണ്. മറുവശത്ത് മുസ്‌ലിം ന്യൂനപക്ഷത്തിന്റെ ശാക്തീകരണത്തിൽ മുസ്‌ലിം ലീഗിന്റെ പങ്ക് വിലകുറച്ചുകാണാത്ത ജമാഅത്തെ ഇസ്‌ലാമി, അടിത്തറ ഇളകിയശേഷവും തെറ്റുകൾ തിരുത്തി പൂർവ ശക്തി വീണ്ടെടുക്കാൻ ലീഗ് തയാറാവണമെന്ന് ആവശ്യപ്പെടുകയേ ചെയ്തിട്ടുള്ളൂ. മുസ്‌ലിം സാമുദായിക രാഷ്ട്രീയ കൂട്ടായ്മക്ക് പകരം നിൽക്കാൻ ഇടതുപക്ഷത്തിന് കഴിയുമെന്ന് അനുഭവത്തിന്റെ വെളിച്ചത്തിൽ ജമാഅത്ത് വിശ്വസിക്കുന്നില്ല. മുസ്‌ലിം ബഹുജനങ്ങളാകെ സി.പി.എമ്മിന്റെ പിന്നിൽ അണിനിരന്നു എന്ന പിണറായിയുടെ അവകാശവാദവും വെറും മനപ്പായസമാണ്. ലീഗ് നേതൃത്വത്തിന്റെ മോശമായ പ്രതിഛായയും യു.ഡി.എഫ് സർക്കാറിന്റെ പരാജയവും സോളിഡാരിറ്റി പോലുള്ള യുവജനപ്രസ്ഥാനങ്ങളുടെ സാമ്രാജ്യത്വവിരുദ്ധ നിലപാടുകളും നിയമസഭാ തെരഞ്ഞെടുപ്പിൽ മുസ്‌ലിംകളിൽ വലിയൊരു വിഭാഗത്തെ മാറിച്ചിന്തിപ്പിച്ചപ്പോൾ ഇടതുപക്ഷം അതിന്റെ ഗുണഭോക്താക്കളായതാണ് സംഭവം. വൈകാതെ നടന്ന തിരുവമ്പാടി ഉപതെരഞ്ഞെടുപ്പിൽപോലും നേട്ടം നിലനിർത്താൻ സി.പി.എമ്മിന് സാധിച്ചില്ല, ജമാഅത്തിന്റെയടക്കം പിന്തുണയോടെ കഷ്ടിച്ചു രക്ഷപ്പെട്ടു എന്ന് മാത്രം. ഒരു രാഷ്ട്രീയ പാർട്ടി അല്ലാത്ത ജമാഅത്തെ ഇസ്‌ലാമിക്ക് ഏതെങ്കിലും പാർട്ടിയുടെ

ഉയർച്ചയിൽനിന്നോ തകർച്ചയിൽനിന്നോ മുതലെടുക്കണമെന്ന അജണ്ടയില്ലെന്ന താണ് പിണറായി മനസ്സിലാക്കേണ്ട മറ്റൊരു വസ്തുത. ശക്തവും യുക്തിഭദ്ര വുമായ ആശയസമരത്തിലൂടെ ഏതു പക്ഷത്തുനിന്നും ആദർശധീരരായ വ്യക്തികളെ കണ്ടെത്താനാണ് പ്രസ്ഥാന ത്തിന്റെ ശ്രമം. അതാകട്ടെ സാവകാശ ത്തിൽ മാത്രം ലക്ഷ്യം കാണുന്ന പ്രക്രിയ യാണ്. മുസ്‌ലിം മതസംഘടനകളും മുസ്‌ലിം ലീഗും പിളർന്ന് തമ്മിൽതല്ലിയ നേരത്തുപോലും സ്പർധ വലുതാക്കി മുതലെടുക്കാൻ ശ്രമിച്ച പ്രസ്ഥാനമല്ല ജമാഅത്ത്.

## ഖുർആൻ വ്യാഖ്യാനവും വരേണ്യബോധവും

■ *"ആധുനിക ഇസ്‌ലാമിക പുനരുത്ഥാന പ്രസ്ഥാനത്തിന്റെ പതാകവാഹകനായി അറിയപ്പെടുന്നത് മൗദൂദിയാണ്. അദ്ദേഹ ത്തിന്റെ ഖുർആൻ പരിഭാഷയും ഖുത്ബാ പ്രസംഗങ്ങളും മറ്റു ലിഖിത ങ്ങളും ആധുനികരായ ഇസ്‌ലാം മതവി ശ്വാസികളുടെ ഇടയിൽ മുമ്പെങ്ങുമി ല്ലാത്ത ഒരു ഉണർവ് സൃഷ്ടിച്ചിട്ടുണ്ട്. ഉർദു-അറബി ഭാഷയിലുള്ള അദ്ദേഹ ത്തിന്റെ പരിജ്ഞാനമാണ് ഇത്രയേറെ സ്വാധീനവത്തായ ഖുർആൻ വ്യാഖ്യാനത്തിന് അദ്ദേഹത്തെ സഹാ യിച്ചത് എന്നു കാണാം. ഇന്നിപ്പോൾ അൽപം അഭിജാതരായ മുസ്‌ലിംകൾ ഈ വ്യാഖ്യാനം ഉൾക്കൊള്ളുന്ന മല യാള പരിഭാഷ വീടുകളിൽ സൂക്ഷിക്കാൻ തുടങ്ങിയിരിക്കുന്നു. ഗൾഫ് പണം മുസ്‌ലിം ജനസാമാന്യത്തിന്റെ ഇടയിൽ സൃഷ്ടിച്ചിട്ടുള്ള, ഒരർഥത്തിൽ പൊള്ള യായ വരേണ്യതക്ക് യോജിച്ച ഒരു പ്രത്യ യശാസ്ത്രം മൗദൂദിസം സമ്മാനിക്കു ന്നുണ്ട്. ഇപ്രകാരം മുമ്പെങ്ങുമില്ലാത്ത വിധം മുസ്‌ലിംകളുടെ ഇടയിൽ ഒരു സവിശേഷ കർതൃത്വം രൂപം കൊണ്ടി ട്ടുണ്ട്. ആധുനിക മുസ്‌ലിമിന്റെ പരിവേ ഷമണിഞ്ഞ് മുഖ്യധാരയിൽ പ്രത്യക്ഷപ്പെ ടുന്ന പരിഷ്കരണവാദിയായ ഈ വരേ ണ്യന് മൗദൂദി പ്രത്യയശാസ്ത്രം സമ്മാ നിക്കുന്നു. താൻ പുതുതായി ആർജിച്ച സാമ്പത്തിക ഉയർച്ചക്ക് അനുസൃതമായ ഒരു പുതിയ ആഭിജാത്യബോധം സമ്മാ നിക്കാൻ മൗദൂദി പ്രസ്ഥാനത്തിന് കഴിയു ന്നു. കേരളത്തിലെ മുസ്‌ലിംകൾക്കിട യിൽ ഒരു പുതിയ 'തങ്ങൾ' വിഭാ ഗത്തെയാണ് ഇങ്ങനെ സൃഷ്ടിക്ക പ്പെടുന്നത്. വരേണ്യവാദത്തിന്റെ ഒരു ജനകീയവൽക്കരണം.......... അതോടെ ഇസ്‌ലാമിന്റെ മറ്റു പ്രാദേശിക ധാരക ളെല്ലാം ഇസ്‌ലാമിനു പുറത്തോ, തങ്ങൾ നേതൃത്വം നൽകേണ്ട പിന്നാക്കാവസ്ഥ യിലോ നിലകൊള്ളുന്നതാണെന്ന് ഇവർ കരുതുന്നു" (ഷാനവാസ് അൽ മുഹമ്മദ്, ദേശാഭിമാനി വാരിക, 2007 മെയ് 27, പേജ് 9). മുജീബിന്റെ പ്രതികരണം?*

***അബ്ദുൽജലീൽ, ചങ്ങരംകുളം***

**ആ**ധുനിക മുസ്‌ലിം സമൂഹ ത്തിന്റെ ആദർശപരമായ നവോത്ഥാന ത്തിൽ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി വഹിച്ച നേതൃപരമായ പങ്ക് ഒരളവോളം ലേഖകൻ തിരിച്ചറിഞ്ഞത് വാസ്തവികമാ ണ്, നല്ല കാര്യവുമാണ്. എന്നാൽ മൗദൂദി ചിന്തകൾ ഗൾഫ് പണക്കാരോ അല്ലാത്ത വരോ ആയ വരേണ്യവർഗത്തിന് മാത്ര മാണ് പ്രത്യയശാസ്ത്രം സമ്മാനിച്ചതെന്ന വിലയിരുത്തൽ തീർത്തും അബദ്ധജടില വുമാണ്. എഴുതാനും വായിക്കാനും അറി യാവുന്ന ചിന്താശീലരായ സത്യാന്വേഷക രിലാണ് ഖുർആനെയും പ്രവാചകചര്യ യെയും നിദാനമാക്കിയുള്ള മൗദൂദി ചിന്ത കൾ സ്വാധീനം ചെലുത്തിയത്. അവരിൽ സാമ്പത്തികമായി സുസ്ഥിതിയുള്ളവർ താരതമ്യേന വളരെ കുറവായിരുന്നു; മധ്യ വർഗക്കാരായിരുന്നു കൂടുതൽ. അതേസ മയം ബീഡിത്തൊഴിലാളികളും മറ്റുമായ പാവപ്പെട്ടവർ ഗണ്യമായി അക്കൂട്ടത്തിലു ണ്ടായിരുന്നു. ഗൾഫിലെ പെട്രോഡോളർ പുറംലോകത്തെ തൊഴിലെടുക്കുന്ന കര ങ്ങളെ ആകർഷിച്ച എഴുപതുകളിൽ ഉപ ജീവനം തേടി കേരളത്തിൽനിന്ന് അക്കരെ പറ്റിയവരിൽ പാവങ്ങളായിരുന്നു മഹാഭൂരിപക്ഷവുമെന്നത് നിഷേധിക്കാനാ വാത്ത സത്യമാണ്. അവർ കഠിനാധ്വാനം ചെയ്ത് നാലു കാശുണ്ടാക്കിയതിന്റെ പേരിൽ സ്വദേശത്ത് വരേണ്യവർഗമായി മുദ്രകുത്തപ്പെടുന്നുവെങ്കിൽ കൃത്യമായ നീതിബോധം അവകാശപ്പെടാനാവാത്ത അളവുകോലാണ് പിന്നിൽ. ഗൾഫിൽ സജീവമായ ഇസ്‌ലാമിക പ്രസ്ഥാന പ്രവർത്തനങ്ങളാൽ സ്വാധീനിക്കപ്പെട്ട വർ സ്വരാജ്യത്തും ആദർശപ്രതിബദ്ധത പുലർത്തുക സ്വാഭാവികമാണ്. തങ്ങ ളുടെ പരിമിത വിഭവശേഷിയും സമ യവും അവർ പ്രസ്ഥാനത്തിന്റെ പ്രചാര ണത്തിനും അതിന്റെ ബഹുമുഖ സേവ നങ്ങൾക്കും ഉപയോഗിക്കുന്നതിലും അത്ഭുതപ്പെടാനില്ല. ഇതേക്കുറിച്ചാണ് 'അഭിജാതബോധ'മെന്നും അവരെക്കുറി ച്ചാണ് പുതിയ 'തങ്ങന്മാർ' എന്നും ലേഖ കൻ പറയുന്നതെങ്കിൽ മസ്തിഷ്ക ത്തിൽ നേരത്തേ കുടിയിരുന്നുപോയ മാർക്സിസ്റ്റ് രീതിശാസ്ത്രത്തിന്റെ സ്വാഭാവിക വൈകല്യം എന്നേ വിശേഷി പ്പിക്കാനാവൂ. 'ഇസ്‌ലാമിന്റെ മറ്റു പ്രാദേ ശിക ധാരകൾ' എന്ന പദപ്രയോഗത്തിലു മുണ്ട് വക്രമായ വിശകലനശൈലിയുടെ സ്വാധീനം. സാർവലൗകിക ദർശനമായ ഇസ്‌ലാമിന് പ്രാദേശിക ധാരകളില്ല. ഓരോ പ്രദേശത്തെയും മുസ്‌ലിംകൾ തങ്ങളുടെ പ്രാദേശിക പാരമ്പര്യങ്ങളും സംസ്കാരവും തുടരുന്നത് ഇസ്‌ലാമിന് വിരുദ്ധമല്ലാത്തേടത്തോളം അത് തടയു ന്നുമില്ല. ഇസ്‌ലാമിക പ്രസ്ഥാനവും അനി സ്‌ലാമിക പ്രാദേശിക വൈവിധ്യങ്ങളെ സഹിഷ്ണുതയോടെ കാണുന്നു.

## കാരശ്ശേരിയുടെ കണ്ടുപിടിത്തം

■ *ഡോ. എം.എം എബ്രഹാം എഴുതിയ 'മതമൗലികത അകവും പുറവും' എന്ന ഗ്രന്ഥത്തിന് ഡോ. എം.എൻ കാരശ്ശേരി ഏപ്രിൽ ലക്കം കറന്റ് ബുക്സ് ബുള്ളറ്റി നിൽ എഴുതിയ നിരൂപണത്തിൽ 'മുഹ മ്മദ് നബി ഒരു മാതൃകാ ഇസ്‌ലാമിക സ്റ്റേറ്റ് ആദ്യമായി മദീനയിൽ സ്ഥാപിച്ചു' എന്ന ഗ്രന്ഥകർത്താവിന്റെ പരാമർശത്തെ നിരൂപിച്ചത് ഇങ്ങനെയാണ്: "നബി മദീ നയിൽ സ്ഥാപിച്ചത് ഇസ്‌ലാമിക സ്റ്റേറ്റാണ് എന്നു പറയാൻ യുക്തിയൊന്നു മില്ല. മുസ്‌ലിംകളുടെ വേദഗ്രന്ഥമായ ഖുർആനിലോ അവരുടെ പ്രവാചകന്റെ വചനങ്ങളായ ഹദീസിലോ ഇസ്‌ലാമിക സ്റ്റേറ്റ് എന്ന ഒരു പദമോ സങ്കൽപമോ ഇല്ല. ഇസ്‌ലാം തന്നെ ഒരു രാഷ്ട്രീയ പ്രത്യയശാസ്ത്രമാണ് എന്നു വ്യാഖ്യാ നിച്ച ചിലർ പിൽക്കാലത്തുണ്ടാക്കിയ സങ്കൽപമാണത്."*
*കാരശ്ശേരിയുടെ ഈ കണ്ടുപിടിത്തത്തെ പറ്റി മുജീബ് എന്തു പറയുന്നു?*

***സി. കുഞ്ഞിഅഹ്മദ്, പുറക്കാട്***

**കു**ട്ടികൃഷ്ണമാരാരുടെ 'ഭാരതപ ര്യടനം' വായിച്ചതോടെ ഉള്ള വിശ്വാ സവും പോയി എന്ന് തുറന്നുപറഞ്ഞ എം.എൻ കാരശ്ശേരി, വിഖ്യാത യൂറോ പ്യൻ നവമുസ്‌ലിം മുഹമ്മദ് അസദിന്റെ പ്രശസ്തമായ 'മക്കയിലേക്കുള്ള പാത' വായിക്കുക മാത്രമല്ല മിനക്കെട്ടിരുന്ന് മല യാളത്തിലേക്ക് മൊഴിമാറ്റം നടത്തിയ ശേഷവും മദീനയിൽ മഹാനായ പ്രവാച കൻ സ്ഥാപിച്ച ഇസ്‌ലാമിക സ്റ്റേറ്റിനെ പ്പറ്റി ഇത്രയും ബാലിശമായ കാഴ്ചപ്പാട് വെച്ചുപുലർത്തുന്നത് ഒരു സത്യം ആവർത്തിച്ചുറപ്പിക്കുക മാത്രമേ ചെയ്യു ന്നുള്ളൂ; നേരായ വഴി ദൈവം തമ്പുരാൻ തന്നെ കാണിച്ചുകൊടുക്കേണ്ടതാണ്, സൃഷ്ടികൾക്ക് സാധിക്കുന്ന കാര്യമല്ലത്. മുഹമ്മദ് അസദ് എഴുതിയതിങ്ങനെ:

"മുഹമ്മദിന്റെ ദൗത്യം ആത്മീയ തയെ ഭൗതികജീവിതത്തിൽനിന്ന് വേർപ്പെടുത്തുകയോ ഒന്ന് മറ്റേതിന് വിപ രീതമാണെന്ന് സങ്കൽപിക്കുകയോ ചെയ്യുന്നില്ല. ദേഹവും ദേഹിയും മനുഷ്യ ജീവിതം എന്ന ഒരേയൊരു യാഥാർഥ്യത്തിന്റെ ഭിന്ന ഘടകങ്ങൾ മാത്രമാണ് എന്നാണ് അതിന്റെ

സങ്കൽപം. അതു കൊണ്ടുതന്നെ ഒറ്റപ്പെട്ട വ്യക്തികളിൽ ധാർമിക മനോഭാവം കുത്തിവെക്കുന്നതുകൊണ്ട് മാത്രം അദ്ദേഹത്തിന് തൃപ്തനാവാൻ കഴിയുകയില്ല. കൃത്യമായ ഒരു സാമൂഹിക ക്രമത്തിലേക്ക് ഈ ധാർമിക മനോഭാവം പരാവർത്തനം ചെയ്യണമെന്നാണ് അദ്ദേഹം ഉദ്ദേശിച്ചത്. ആ സാമൂഹികക്രമം സമൂഹത്തിലെ ഓരോ അംഗത്തിന്റെയും ശാരീരികവും ഭൗതികവുമായ ക്ഷേമം ഉറപ്പുവരുത്തും. അങ്ങനെ ആത്മീയ പുരോഗതിക്കുള്ള മഹത്തായ സാധ്യതകൾ വളർന്നുവരികയും ചെയ്യും.......

"ഫലത്തിൽ അതേവരെ പരിവർത്തനാതീതമായി കണക്കാക്കിപ്പോന്നിരുന്ന എല്ലാ സാമൂഹികസങ്കൽപങ്ങളുടെയും പൂർണമായ അഴിച്ചുപണി ആവശ്യമാണെന്ന് പ്രവാചകൻ ഊന്നിപ്പറഞ്ഞു. അങ്ങനെ അദ്ദേഹം 'മതത്തെ രാഷ്ട്രീയത്തിലേക്ക് കൊണ്ടുവന്നു' എന്ന് ഒരാൾക്ക് ഇന്ന് പറയാം. അത് അക്കാലത്ത് തീർത്തും വിപ്ലവാത്മകമായ പരിഷ്കരണമായിരുന്നു.........

"ഇരുപത്തിമൂന്ന് കൊല്ലം നീണ്ടുനിന്ന തന്റെ ദൗത്യത്തിനിടയിൽ പ്രവാചകനായ മുഹമ്മദ് വ്യക്തമാക്കിയ വ്യവസ്ഥ മനുഷ്യന്റെ ആത്മീയപ്രശ്നങ്ങളോട് മാത്രമല്ല വൈയക്തികവും സാമൂഹികവുമായ പ്രവർത്തനങ്ങളിൽ ഉണ്ടായിരിക്കേണ്ട ചട്ടക്കൂടുകളോടും ബന്ധപ്പെട്ടു നിൽക്കുന്നു. വൈയക്തികമായ ധാർമികതയുടെ മാത്രമല്ല അത്തരം ധാർമികത പുലരാനാവശ്യമായ സ്ഥിതിസമത്വത്തിന്റെയും സങ്കൽപം ഇസ്‌ലാം ഉയർത്തിപ്പിടിക്കുകയുണ്ടായി. ഒരു രാഷ്ട്രീയ സമൂഹത്തിന്റെ പുറംവരകൾ അത് മുന്നോട്ടുവെച്ചു.........

"സീസർക്കുള്ളത് സീസർക്ക് കൊടുക്കാൻ സ്വന്തം അനുയായികളെ ഉപദേശിക്കുകവഴി ക്രൈസ്തവത അതിന്റെ സാർവലൗകിക സന്ദേശം ആത്മീയവൃത്തത്തിലേക്ക് മാത്രമായി പരിമിതപ്പെടുത്തി. ഇസ്‌ലാമാകട്ടെ ആസ്തിക്യബോധം മനുഷ്യന്റെ പ്രായോഗിക ജീവിതത്തിന്റെയും സാമൂഹിക സ്ഥാപനങ്ങളുടെയും കേന്ദ്രബിന്ദുവായി വർത്തിക്കുന്ന ഒരു രാഷ്ട്രീയ സംഘടനയുടെ ചിത്രം ലോകത്തിനു മുമ്പിൽ നിവർത്തിവെച്ചു. അങ്ങനെ ക്രൈസ്തവത അപൂർണമായി വിട്ടത് പൂർത്തീകരിച്ചുകൊണ്ട് മനുഷ്യന്റെ പുരോഗതിയിൽ ഒരു പുതിയ അധ്യായം ഇസ്‌ലാം ഉദ്ഘാടനം ചെയ്തു; വംശപരവും ഭൂമിശാസ്ത്രപരവും ആയ പരിമിതികളുള്ള ഭൂതകാലത്തെ അടഞ്ഞ സമൂഹങ്ങൾക്ക് വിരുദ്ധമായി ഒരു തുറന്ന ആദർശസമൂഹം ഉരുവംകൊള്ളുന്നതിന്റെ ആദ്യത്തെ ഉദാഹരണം."

(*മക്കയിലേക്കുള്ള പാത* - രണ്ടാം പതിപ്പ് - ഐ.പി.എച്ച്,കോഴിക്കോട്. പേജ് - 436, 437, 438, 453, 455)

ഇതാണ് ഡോ. എം.എം എബ്രഹാമിന് പോലും നിഷേധിക്കാൻ കഴിയാതിരുന്ന ഇസ്‌ലാമിക സ്റ്റേറ്റിന്റെ ദാർശനിക പശ്ചാത്തലം. പക്ഷേ, കണ്ണുകളല്ല നെഞ്ചകങ്ങളിലെ ഹൃദയങ്ങളാണ് അന്ധമാവുന്നത് എന്ന് ഖുർആൻ പറഞ്ഞതെത്ര ശരി. ■